LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ പോലീസ് ഉപയോഗിച്ച സ്വകാര്യ വാഹനങ്ങൾക്ക് മുഴുവൻ വാടകയും നൽകിയിട്ടുണ്ട്.

(ബി&സി) ഇല്ല. വരണാധികാരികൾക്കും ഉപവരണാധികാരികൾക്കും ഓണറേറിയം നിശ്ചയിച്ചു നൽകുന്ന വിഷയം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ പരിശോധനയിലാണ്.

(ഡി) പൊതുതെരഞ്ഞെടുപ്പിന്റെ നടത്തിപ്പിലേക്കായി നാളിതുവരെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് 92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാരോടും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച അച്ചടി, സ്റ്റേഷനറി വകുപ്പുകളോടും മറ്റ് വകുപ്പുകളോടും തെരഞ്ഞെടുപ്പ് ചെലവുകളെ സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇനിയും എത്ര രൂകകൂടി തെരഞ്ഞെടുപ്പ് ചെലവിലേക്ക് ആവശ്യമായി വരുമെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

വീണ്ടും ചികിത്സാ സഹായം

45 (1869) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സാ സഹായമായി പരമാവധി നൽകുന്ന രൂക എത്രയാണെന്നും ഏതെല്ലാം മാനദണ്ഡങ്ങൾ പാലിച്ചാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഗുരുതരമായ പല രോഗങ്ങൾക്കും ചെലവേറിയ ചികിത്സ കൂടുതൽ കാലം വേണമെന്നിരിക്കേ ഒരേ രോഗിയ്ക്ക് ഒന്നിൽ കൂടുതൽ തവണ ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്രകാരമുള്ള രോഗികൾക്ക് ആദ്യം ചെറിയൊരു രൂക സഹായമായി ലഭിച്ചു എന്ന കാരണത്താൽ വീണ്ടും സഹായധനം നൽകേണ്ടതില്ല എന്ന നിർദ്ദേശം റവന്യൂ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ? എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ആദ്യം ചെറിയൊരു രൂക സഹായമായി ലഭിച്ച രോഗികൾക്ക് വീണ്ടും അപേക്ഷിച്ചതിൻ പ്രകാരം അനുവദിച്ച സഹായധനം ചേർത്തല താലൂക്ക് ഓഫീസ് വഴി നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റ് ജില്ലകളിൽ ഒരേ രോഗിക്ക് പലപ്പോഴായി പതിനായിരം രൂപയോ അതിലധികമോ നൽകുമ്പോൾ ഇവിടെ മാത്രം ഇപ്രകാരം നിലപാടെടുക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; രോഗികൾക്ക് ബുദ്ധിമുട്ടാകുന്ന തരത്തിലുള്ള ഇത്തരം നടപടികൾ അവസാനിപ്പിയ്ക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായമായി ജില്ലാ കളക്ടർമാർ 2,000 രൂപ വരെയും റവന്യു വകുപ്പുമന്ത്രി 5,000 രൂപവരെയും അനുവദിക്കുന്നു. മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ, മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് 1,00,000 രൂപ വരെ അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി ഒരു ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

ചികിത്സാസഹായം, അപകടമരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും പ്രധാനമായും ധനസഹായം അനുവദിക്കുന്നത്.

അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000 (ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.

ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുകയുള്ളൂ.

ക്യാൻസർ, കിഡ്നി സംബന്ധമായ ഗുരുതര രോഗങ്ങൾ എന്നിവയ്ക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

ക്യാൻസർ, വൃക്കരോഗം, ഹൃദയരോഗം, ന്യൂറോ സംബന്ധമായ രോഗം, ഹീമോഫീലിയ, എയ്ഡ്സ് എന്നീ ഗുരുതര രോഗങ്ങൾക്ക് 10,000 രൂപവരെ അനുവദിക്കുന്നു.

അപകട മരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർ, മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിന് അപേക്ഷിക്കേണ്ടതാണ്.

തീപിടുത്തംമൂലം വാസഗൃഹങ്ങൾക്കും, ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും 10,000 രൂപ വരെയും അനുവദിക്കുന്നു.

വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടംപോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റ് പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നതാണ്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly